കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്
## 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

Email: lfadtvm@yahoo.in , dotvm.ksad@kerala.gov.in

നം: കെ.എസ്.എ./റ്റി.വി.എം./മിസ്.1/1294/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം – 695 001.

Phone No: 0471-2331231
Email: lfadtvm@yahoo.in

തീയതി: 06.02.2021.

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,
കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്.

സർ,

വിഷയം : കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

****

കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ രണ്ട് മാസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ് :</u>

(1) കേരള സംസ്ഥാന ഓഡിറ്റ് ഡയക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

(2) ഗവ.സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്, ഗവ.സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

(3) കാര്യാലയപ്രതി.

നം: കെ.എസ്.എ./റ്റി.വി.എം./മിസ്.1/1294/2020 തീയതി: 06.02.2021.

# കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

*****

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും ഉദ്യോഗപ്പേരും | ശ്രീ. എ.മുഹമ്മദ് നിസാർ,<br>(ജോയിന്റ് ഡയറക്ടർ) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ശ്രീമതി.മേരി ആൻഡ്രൂസ്<br>ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജയലക്ഷമി ബി.കെ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കോസലരാമദാസ് കെ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-09-20 മുതൽ 14-10-20 വരെ |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>ബഹു.വിദ്യാ.വകുപ്പ് മന്ത്രി<br>(01.04.2018 മുതൽ 31.03.2019 വരെ) |
| സ്റ്റേറ്റ് ചീഫ് കമ്മീഷണർ | ശ്രീ.കെ.വി.മോഹൻകുമാർ ഐ.എ.എസ്<br>പൊതുവിദ്യാഭ്യാസ ഡയറക്ടർ<br>(01.04.2018 മുതൽ 31.03.2019 വരെ) |
| സെക്രട്ടറി | ശ്രീ.എ.കെ.സജിത്ത്<br>(01.04.2018 മുതൽ 13.01.2019 വരെ)<br>ശ്രീ.കെ.പി.പ്രദീപ്കുമാർ<br>(14.01.2019 മുതൽ 31.03.2019 വരെ) |
| ട്രെഷറർ | ശ്രീ.സി.വി.സജീവ് ദത്ത് |

| | |
|---|---|
| | (01.04.2018 മുതൽ 31.03.2019 വരെ) |


| ക്രമ നം. | ഉള്ളടക്കം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1<br>പൊതുഅവലോകനം | |
| 1 | ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ | 1-1 |
| 2 | ആമുഖം | 1-2 |
| 3 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-3 |
| | ഭാഗം-2<br>വരവുകൾ | |
| 4 | ഡോർമെന്ററി വരവിനത്തിലെ അപാകതകൾ | 2-1 |
| 5 | ലോഗ് ബുക്ക് അച്ചടി. വിശദാംശങ്ങൾ ലഭ്യമല്ല. | 2-2 |
| 6 | രാജ്യപുരസ്കാർ ടെസ്റ്റിംഗ് ക്യാമ്പ് -അവലോകനം | 2-3 |
| | ഭാഗം-3<br>ചെലവുകൾ | |
| 7 | സേവന പുസ്തകം പരിശോധന - അപാകതകൾ | 3-1 |
| 8 | ഫീൽഡ് സ്റ്റാഫുകളുടെ യാത്രാപരിപാടി- അപാകതകൾ | 3-2 |
| 9 | ലോഗ് ബുക്ക് പ്രിന്റിംഗ്- തുക അധികം നൽകി | 3-3 |
| 10 | സ്ഥിരനിക്ഷേപം അപാകതകൾ | 3-4 |
| 11 | അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 3-5 |
| | ഭാഗം-4<br>ഓഡിറ്റ് പ്രത്യവലോകനം | |
| 12 | സർക്കാർ ഗ്രാന്റ് | 4-1 |
| 13 | സാമ്പത്തിക നില | 4-2 |
| 14 | ഓഡിറ്റ് ചാർജ് | 4-3 |
| 15 | അനുബന്ധം-1- 2018-19 വർഷത്തെ വരവ് ചെലവ് പത്രിക (സ്ഥാപനത്തിന്റെ AFS പ്രകാരമുള്ളത്) | |
| 16 | അനുബന്ധം -2 – ഗ്രാന്റ് അർഹതാ സർട്ടിഫിക്കറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ

2018-19 വർഷത്തിലെ സ്ഥാപനത്തിന്റെ വരവു-ചെലവു രേഖകളും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിനിയോഗവും പരിശോധിച്ചു. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രേഖകളുടെയും, രജിസ്റ്ററുകളുടെയും, വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നല്കിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

## 1-2 ആമുഖം

ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്' ന്റെ സംസ്ഥാന ഘടകമാണ് സ്ഥാപനം. സ്ഥാപനത്തിന്റെ ബൈലോ പ്രകാരം ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് റൂൾസ് 32 അനുസരിച്ച് ആസ്ഥാനവുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, ടോക്കൺ ഫ്ലാഗ് വില്പന, ഡോർമറ്ററി വാടക മുതലായവയാണ് പ്രധാന വരുമാനം.

## 1-3 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. <u>പി.എഫ്. വിഹിതം കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.</u>

ജീവനക്കാരുടെ പി.എഫ്. വിഹിതം ജീവനക്കാരന്റെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചു വരുന്നു. തന്മൂലം വളരെ തുച്ഛമായ തുകയാണ് പലിശയിനത്തിൽ ലഭിക്കുന്നത്. സ്ഥാപനത്തിലെ ജീവനക്കാരുടെ പി.എഫ്. വിഹിതം ട്രഷറിയിൽ നിക്ഷേപിക്കുന്നത് കൂടുതൽ പ്രയോജനകരമാകുമെന്നതിനാൽ പി.എഫ്. ട്രഷറി അക്കൗണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ജില്ല ഓഫീസുകൾക്ക് നൽകുന്ന പെർഫോമൻസ് ഗ്രാന്റിന്റെ തുടർ പരിശോധന സമയബന്ധിതമായി നടത്തുന്നില്ല.

കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് ന്റെ കീഴിൽ 41 ജില്ല അസോസിയേഷനുകൾ നിലവിലുണ്ട്. 10-08-2015 ലെ എക്സി.കമ്മിറ്റി തീരുമാനപ്രകാരം ജില്ലാ അസോസിയേഷനുകൾക്ക് പെർഫോമൻസ് ഗ്രാന്റ് നൽകാൻ തീരുമാനമെടുത്തു. ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം തൊട്ടടുത്ത സാമ്പത്തിക വർഷം ജില്ലാ അസോസിയേഷനുകളിൽ നിന്നും ലഭ്യമാക്കി ആയതിൻമേൽ പരിശോധന നടത്തി ചെലവ് വിവരത്തിന്റെ ആധികാരികത പൂർണ്ണമായും ബോധ്യപ്പെട്ടശേഷം മാത്രം തുടർന്ന് ഗ്രാന്റ് അനുവദിക്കുന്ന രീതിയാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ജില്ല അസോസിയേഷനുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം കൃത്യമായി ലഭിക്കുന്നെങ്കിലും എല്ലാ അസോസിയേഷനുകളിലും മേൽ പരിശോധന പൂർത്തിയാക്കാതെ ഗ്രാന്റ് അനുവദിച്ച് വരുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | ഗ്രാന്റ് അനുവദിച്ച വർഷം | അനുവദിച്ച് നൽകിയ തുക | തുക നൽകിയ ഓഫീസുകളുടെ എണ്ണം | ഓഡിറ്റ് തീയതി വരെ പരിശോധന പൂർത്തിയാക്കിയ ഓഫീസുകളുടെ എണ്ണം | ഇനിയും പരിശോധന നടത്താനുള്ള ഓഫീസുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2016-17 | 18,99,000 | 38 | 7 | 31 |
| 2 | 2017-18 | 25,12,650 | 39 | 12 | 27 |
| 3 | 2018-19 | 29,35,000 | 38 | 0 | 38 |

ജില്ലാ അസോസിയേഷനുകളുടെ തനത് ഫണ്ടിന്റെ വരവ് ചെലവുകളിന്മേലും മേൽ പരാമർശിച്ച പ്രകാരം പരിശോധന ബാക്കി നിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹെഡ് ഓഫീസിലെ ജീവനക്കാരുടെ എണ്ണം പരിമിതമായതിനാലാണ് മേൽ പരിശോധന പൂർത്തിയാക്കാൻ കഴിയാത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. മേൽ പട്ടികയിൽ പരാമർശിക്കുന്ന ബാക്കി നിൽക്കുന്ന ജില്ല അസോസിയേഷനുകളിൽ എത്രയും പെട്ടെന്ന് മേൽ പരിശോധന പൂർത്തിയാക്കേണ്ടതും (ഗ്രാന്റിന്റെയും തനത് വരവിന്റെയും) വരും വർഷങ്ങളിൽ ഇപ്രകാരം പരിശോധന പൂർത്തിയായ ശേഷം മാത്രം തുടർ ഗ്രാന്റ് അനുവദിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡോർമറ്ററി വരവിനത്തിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ ഡോർമെറ്ററി സർവ്വീസിന്റെ വാടക ഈടാക്കിയിരിക്കുന്നത് സെക്രട്ടറിയുടെ 1.4.17 ലെ എ.176/2017/കെ.എസ്.ബി.ജി നമ്പർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ്. ആയതിൻ പ്രകാരം സ്കൂൾ കുട്ടികൾക്ക് 2000/- രൂപയും മറ്റുള്ളവർക്ക് 3000/- രൂപയുമാണ് പ്രതിദിനം ഈടാക്കുന്നത്. ഡോർമെറ്ററി വരവിനത്തിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ഉപഭോക്താക്കളിൽ നിന്ന് അപേക്ഷകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

2) ബുക്കിംഗ് രജിസ്റ്ററിൽ ബുക്കിംഗ് തീയതി, സമയം എന്നിവ രേഖപ്പെടുത്തുന്നില്ല.

3) അപേക്ഷകർക്ക് നൽകുന്ന ദിവസം, അപേക്ഷകരുടെ വിവരം, കുട്ടികളുടെ എണ്ണം മുതലായവ സംബന്ധിച്ച് രേഖപ്പെടുത്തുന്നില്ല.

4) ഡോർമെറ്ററി ബുക്കിംഗിനായി അഡ്വാൻസ് വാങ്ങി ബുക്കിംഗ് ഉറപ്പു വരുത്തുന്നില്ല.

5) തുക ഈടാക്കിയ വിവരം /ബുക്കിംഗ് ക്യാൻസൽ ചെയ്ത വിവരം എന്നിവ ലഭ്യമല്ല.

6) ബുക്കിംഗ് ക്യാൻസൽ ചെയ്യുന്ന അവസരങ്ങളിൽ അപേക്ഷ വാങ്ങി സൂക്ഷിക്കുന്നില്ല.

വിഷയം സംബന്ധിച്ച മേൽ അപാകതകളെല്ലാം 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് 05.10.2020-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷത്തെ ഓഡിറ്റിനായുള്ള കണക്കുകളും രേഖകളും തയ്യാറാക്കിയതിനാലാണ് മുൻ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കപ്പെടാതെ പോയതെന്നും 2019-20 വർഷം പരിഹരിച്ചിട്ടുള്ളതായുമാണ് മറുപടി നൽകിയിരിക്കുന്നത്. ഡോർമെറ്ററി സർവ്വീസുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 2-2 ലോഗ് ബുക്ക് അച്ചടി - വിശദാംശങ്ങൾ ലഭ്യമല്ല.

സാമ്പത്തിക വർഷം 73,300/- രൂപയ്ക്ക് ലോഗ് ബുക്ക് അച്ചടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എച്ച്.എസ് വിഭാഗം

| | |
|---|---|
| സ്കൗട്ട് ലോഗ് ബുക്ക് | 25,000 |

| | |
|---|---|
| ഗൈഡ് ലോഗ് ബുക്ക് | 29000 |
| ആകെ | 54000 |

ഹയർ സെക്കന്ററി വിഭാഗം

| | |
|---|---|
| സ്കൗട്ട് ലോഗ് ബുക്ക് | 9300 |
| ഗൈഡ് ലോഗ് ബുക്ക് | 10000 |
| ആകെ | 19300 |

ലോഗ് ബുക്കുകൾ 39 ജില്ലാ സെക്രട്ടറിമാർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. വിവിധ ജില്ലകളിൽ നിന്ന് ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ഓരോ ജില്ലയിലും സ്റ്റോക്കിലുള്ള ലോഗ് ബുക്കുകൾ, ആവശ്യമായ ലോഗ് ബുക്കുകളുടെ എണ്ണം, പുതുതായ എൻറോൾ ചെയ്ത കുട്ടികളുടെ എണ്ണം എന്നിവ അതാതു ജില്ലകളിൽ നിന്നും ലഭ്യമാക്കി മാത്രം ലോഗ്ബുക്ക് അച്ചടിച്ച് വിതരണം ചെയ്യുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 രാജ്യപുരസ്കാർ ടെസ്റ്റിംഗ് ക്യാമ്പ് -അവലോകനം

രാജ്യപുരസ്കാർ ടെസ്റ്റിംഗ് ക്യാമ്പ് (ഒന്നാം ഘട്ടം) 2018 ഡിസംബർ 21 മുതൽ 24 വരെ നടത്തിയിരുന്നു. പത്താംതരത്തിൽ പഠിക്കുന്ന സ്കൗട്ട് & ഗൈഡുകളെ മാത്രം ഉൾക്കൊള്ളിച്ച് നടത്തിയ പ്രസ്തുത ക്യാമ്പിൽ 2049 സ്കൗട്ടുകളും, 2491 ഗൈഡുകളും ഉൾപ്പെടെ ആകെ 4540 പേരാണ് പങ്കെടുത്തിട്ടുള്ളത്.

സ്ഥാപനത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ 15,17,350/- രൂപ വരവ് വന്നിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് അപേക്ഷ ഫീസ് ആയി നിശ്ചയിച്ചിരുന്നത്. 100/- രൂപയാണ്. ഫീസ് പൂർണമായും അടവാക്കിയോ എന്ന് പരീക്ഷാ സമയത്ത് പരിശോധിച്ച തുകയും അടയ്ക്കാൻ ബാക്കിയുള്ളവരെക്കൊണ്ട് തുക അടപ്പിക്കുകയും ചെയ്യുന്നതിനാൽ ഫീസിനത്തിൽ കുടിശ്ശിക ഇല്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുകയും എ.എസ്.ഒ.സി മാരിൽ നിന്ന് ഹാൾ ടിക്കറ്റ് ലഭിച്ചിട്ടുള്ളതും ഐ.എം.എഫ്/ഐ.ആർ.എഫ് ഇനത്തിൽ കുടിശ്ശിക ഇല്ലാത്തതും സംസ്ഥാന കാര്യാലയത്തിൽ 100/- രൂപ പ്രകാരം ഫീസ് അടച്ചിട്ടുള്ളവരുമായിരിക്കണം. ടെസ്റ്റിംഗ് ക്യാമ്പിൽ പങ്കെടുക്കേണ്ടതെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ജില്ലകൾ നൽകാനുള്ള ഐ.എം.എഫ്/എ.ആർ.എഫ് കുടിശ്ശിക സംസ്ഥാന കാര്യാലയം

യഥാസമയം ഈടാക്കുന്നതായും രണ്ടാംഘട്ടം രാജ്യപുരസ്കാർ ടെസ്റ്റിംഗ് ക്യാമ്പ് 1.5.2019 മുതൽ 4.5.2019 വരെ വന്നിട്ടുള്ളതായും 09.10.2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്യാമ്പിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതും സ്ഥാപനത്തിന്റെ തനത് വരുമാനം ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഐ.എ.എഫ്/ഐ.ആർ.എഫ് ബുള്ളറ്റിൻ രജിസ്ട്രേഷൻ/റിന്യൂവൽ വരവിനത്തിൽ എത്ര തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുവെന്നും കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ആരാഞ്ഞുകൊണ്ട് 05.10.2020ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/20) ന് 2019 മാർച്ച് 31 ന് 41 ജില്ലാ ഓഫീസുകളിൽ നിന്നായി 5,54,109/-രൂപ കുടിശ്ശിക ആയിട്ടുണ്ടെന്നും ജില്ലകൾക്ക് കുടിശ്ശിക സംബന്ധിച്ച് കത്ത് നൽകിയിട്ടുള്ളതായും 2017-18 സാമ്പത്തിക വർഷം 11,72,187/- രൂപ കുടിശ്ശിക ഉണ്ടായിരുന്നത് 5,54,109/- രൂപയായി കുറച്ച് കൊണ്ടു വരുവാൻ സാധിച്ചതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഇനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സേവന പുസ്തകം പരിശോധന - അപാകതകൾ

ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിയമന വിവരങ്ങൾ ചേർക്കുന്നില്ല

സേവന പുസ്തകത്തിൽ നിയമന വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ഒന്നാം പേജിലെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. 1-11വരെയുള്ള പേജുകളിൽ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

KSR പാർട്ട് III ചട്ടം150 പ്രകാരം ഓരോ കലണ്ടർ വർഷത്തിന്റെയും അവസാനം സർവ്വീസ് വെരിഫിക്കേഷൻ നടത്തേണ്ടതാണ്. സ്ഥാപനത്തിലെ ജീവനക്കാരുടെ ആരുടേയും സർവ്വീസ് വെരിഫിക്കേഷൻ നാളിതുവരെ നടത്തിയിട്ടില്ല.

3. ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടില്ല.

2014 ശംപള പരിഷ്കരണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആയതു അടിയന്തിരമായി നടപ്പാക്കുന്നതിനാവശ്യമായ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

4. അവധി -അപാകതകൾ

എ) ആർജിതാവധി പുനർക്രമീകരിക്കൽ

സ്ഥാപനത്തിലെ ജീവനക്കാരുടെ ആർജിതാവധി നാളിതുവരെ പുനർക്രമീകരിച്ചിട്ടില്ല. മൂന്ന് വർഷത്തെ സേവനം പൂർത്തീകരിക്കുന്ന ജീവനക്കാരുടെ ആദ്യ വർഷത്തെ ആർജിതാവധി 1/11 എന്ന നിരക്കിൽ പുനർക്രമീകരിക്കാവുന്നതാണ്. (സ.ഉ(പി)75/07/ധന/27.02.2007). ഇതിൻ പ്രകാരം എല്ലാ ജീവനക്കാരുടെയും ആർജിതാവധി പുനർക്രമീകരിക്കേണ്ടതാണ്.

ബി) അവധി കണക്കുകൾ പെൻസിലിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ജീവനക്കാരുടെ EL, HPL അക്കൗണ്ട് വിവരങ്ങൾ പെൻസിലിൽ എൻട്രി വരുത്തി സാക്ഷ്യപ്പെടുത്തൽ നടത്തിയിരിക്കുന്നു. സേവന പുസ്തകം ജീവനക്കാരന്റെ ആധികാരികവും അടിസ്ഥാനവുമായ രേഖയാണ്. ഇതിലെ വിവരങ്ങൾ വ്യക്തവും തിരുത്തൽ (over writing) ഇല്ലാത്തതും ആയിരിക്കേണ്ടതാണ്. ആയതിനാൽ സേവന പുസ്തകത്തിലെ എൻട്രികൾ പേനയിൽ തന്നെ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സി) അർദ്ധ വേതന/പരിവർത്തിത അവധി

സ്ഥാപനത്തിലെ ജീവനക്കാർ കോൺട്രാക്ട് നിയമന വ്യവസ്ഥയിൽ കൺസോളിഡേറ്റഡ് ശംപളത്തിൽ സേവനത്തിൽ പ്രവേശിക്കുകയും നിശ്ചിത കാലയളവിനു ശേഷം (3/5/7yrs.) സ്ഥിരപ്പെടുത്തി നിയമന തസ്തികയിലെ സ്കെയിലിൽ മിനിമത്തിൽ ശംപളം നിജപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്. താല്ക്കാലിക സേവന കാലത്തു ആർജിതാവധിക്ക് അർഹതയുണ്ടങ്കിലും അർദ്ധ വേതന അവധിക്ക് അർഹതയില്ല. സ്ഥിര നിയമനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ ജീവനക്കാരൻ പൂർത്തീകരിക്കുന്ന ഒരു വർഷത്തെ സേവനത്തിന് 20എന്ന നിരക്കിൽ അർദ്ധ വേതന അവധി നേടുന്നതാണ്. ഇവർക്ക് പരിവർത്തിത അവധിക്കും അർഹതയണ്ട്. സേവന പുസ്തകം പരിശോധിച്ചതിൽ എല്ലാ ജീവനക്കാരുടേയും HPL അക്കൗണ്ട് താല്ക്കാലിക സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ ആരംഭിച്ചിട്ടുള്ളതായി കാണുന്നു. അർദ്ധ വേതന അവധി അക്കൗണ്ട് സ്ഥിര നിയമന തീയതി മുതൽ കണക്കാക്കി പുനർക്രമീകരിക്കേണ്ടതാണ്.

ഡി) ശൂന്യ വേതനാവധി അക്കൗണ്ട്

ജീവനക്കാരുടെ ശൂന്യ വേതനാവധി അക്കൗണ്ടിൽ അവധി കണക്ക് രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | LWA കാലയളവ് |
|---|---|---|
| 1. | ശ്രീമതി എം.ഡി.ഉഷ,<br>ക്ലർക്ക്-കം-ടൈപ്പിസ്റ്റ് | 1-3-95 - 28-4-95 (59ദിവസം)<br>(പ്രസവാവധിയുടെ തുടർച്ച) |
| 2. | ശ്രീ. ഷാജി പുളങ്കി, അക്കൗണ്ടന്റ് ക്ലർക്ക് | 7-9-10 - 30-9-10 (24 ദിവസം)<br>(മെഡിക്കൽ കാരണങ്ങളാൽ) |

ശൂന്യ വേതനാവധി അക്കൗണ്ട് കാലികമാക്കേണ്ടതാണ്.

ഇ) <u>അവധി അപേക്ഷകൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെ അനുവദിക്കുന്നു.</u>

ജീവനക്കാരിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവധി ആദ്യം സാങ്ഷൻ ചെയ്യുകയും പിന്നീട് ലഭിച്ച എല്ലാ അപേക്ഷകളും ഒരുമിച്ച് സേവനപുസ്തകത്തിൽ എന്റ്രി വരുത്തുകയും രീതിയാണ് സ്ഥാപനത്തിൽ തുടർന്നു വരുന്നത്. ഇതു തെറ്റായ നടപടിക്രമമാണ്. ജീവനക്കാരുടെ അവധി അക്കൗണ്ട് വിവരങ്ങൾ തിരുത്തലുകൾ, ഓവർ റൈറ്റിംഗ്, റദ്ദാക്കൽ എന്നിവ മൂലം അവധി കണക്കു കൃത്യമായി കണക്കാക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്. അവധി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സേവനപുസ്തകത്തിൽ അവധി വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രം അവധി അനുവദിക്കേണ്ടതാണ്.

എഫ്) <u>ജീവനക്കാരുടെ അവധി അക്കൗണ്ടിൽ കണ്ടെത്തിയ അപാകതകൾ</u>

i) M.D.ഉഷ, ക്ലർക്ക്-കം-ടൈപ്പിസ്റ്റ് എടുത്തിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന അവധികൾ EL കണക്കാക്കുന്നതിന് കുറവു ചെയതിട്ടില്ല.

19-3-94 മുതൽ 29-4-94 വരെ (42 ദിവസം – മെഡിക്കൽ ഗ്രൗണ്ടിൽ ലീവ്), 1-12-94 മുതൽ 28-2-95 വരെ (90ദിവസം-ML), 4-2-11 മുതൽ 30-3-11 വരെ (55 ദിവസം-സസ്പൻഷൻ), 12-8-14 – 30-8-14 (19 ദിവസം), ആകെ ദിനങ്ങൾ. പ്രസ്തുത അവധികൾ കൂടെ ഉൾപ്പെടുത്തി EL അക്കൗണ്ട് ക്രമപ്പെടുത്തേണ്ടതാണ്.

ii) അനു വി.ജെ.,ക്ലർക്ക്-കം-ടൈപ്പിസ്റ്റ് സേവന പുസ്തകത്തിൽ "22days EL& CmL from 5-8-15 to 26-8-15"എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ദിനങ്ങൾ ഏതു തരം അവധിയാണെന്ന് വ്യക്തമാക്കി ബന്ധപ്പെട്ട അവധി അക്കൗണ്ടിൽ ഉൾപ്പെടുത്തി അവധി കണക്ക് ക്രമപ്പെടുത്തേണ്ടതാണ്. 5-2-15 മുതൽ 4-8-15 വരെയുള്ള 180 ദിവസം (ML) കുറവു ചെയ്ത് EL അക്കൗണ്ട് ക്രമപ്പെടുത്തേണ്ടതാണ്.

iii) ലൈജു ആർ.വി.,കംപ്യൂട്ടർ ഓപ്പറേറ്റർ-കം-ക്ലർക്ക് 17-1-2006ലാണ് സ്ഥിര നിയമനത്തിൽ പ്രവേശിച്ചത്. എന്നാൽ താല്ക്കാലിക നിയമനത്തിലിരുന്ന കാലഘട്ടം (16-1-2001 മുതൽ) അർദ്ധ വേതനാവധിക്കു പരിഗണിച്ച്

ഈ കാലയളവിൽ എടുത്ത 13 ദിവസത്തെ അവധി പരിവർത്തിത അവധിയായി കണക്കാക്കിയിരിക്കുന്നു.താല്ക്കാലിക സേവന കാലം അർദ്ധ വേതനാവധിക്ക് അർഹതയില്ലാത്തതിനാൽ പ്രസ്തുത അവധി ദിനങ്ങൾ ആർജിതാവധിയായി പരിഗണിച്ച് അവധി കണക്ക് ക്രമപ്പെടുത്തേണ്ടതാണ്.

iv) ഷബീർവി.എ.,ക്ലർക്ക്-കം-ടൈപ്പിസ്റ്റ് 31-3-17ൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയതിനാൽ 20 HPL ക്രെഡിറ്റിൽ വന്നു. എന്നാൽ HPL അക്കൗണ്ട് പ്രകാരം 8-3-18 മുതൽ 24-3-18 വരെ എടുത്ത 17 ദിവസത്തെ അവധി പരിവർത്തിത അവധിയായി കണക്കാക്കിയിരിക്കുന്നു. 31-3-18ലാണ് അടുത്ത 20 HPL ക്രെഡിറ്റിൽ വരുന്നതെന്നിരിക്കെ 24-3-18വരെ 17 ദിവസത്തെ പരിവർത്തിതാവധിക്ക് (34 HPL) അർഹതയില്ല. ആയതിനാൽ 17 ദിവസത്തെ അവധി 10 HPL ആയും ബാക്കി ആർജിതാവധിയായും കണക്കാക്കി ലീവ് അക്കൗണ്ട് ക്രമപ്പെടുത്തേണ്ടതാണ്.

v) ഷാജി പുളങ്കി, അക്കൗണ്ടന്റ് ക്ലർക്കിന്റെ ആർജിതാവധി അക്കൗണ്ടിൽ 1-5-14 മുതൽ 31-5-14 വരെയുള്ള 31 ദിവസത്തെ EL 33ദിവസമായി കണക്കാക്കിയിരിക്കുന്നു. കൂടാതെ, 25-5-14 – 5-6-18 വരെയുള്ള 12 ദിവസത്തെ പരിവർത്തിതാവധി EL അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് സേവന പുസ്തകങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-2 ഫീൽഡ് സ്റ്റാഫുകളുടെ യാത്രാപരിപാടി- അപാകതകൾ

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ താഴെത്തട്ട് മുതലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, പ്രവർത്തനങ്ങളുടെ പരിശോധനനടത്തുന്നതിനുമായി ചുമതലപ്പെടുത്തിയിട്ടുള്ള ഫീൽഡ്സ്റ്റാഫുകളായ അസിസ്റ്റന്റ് സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മീഷണർമാരുടെ(ASOC) യാത്രാപരിപാടിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഓരോ മാസവും ASOC മാരുടെ യാത്രാപരിപാടി സെക്രട്ടറി മുൻകൂട്ടി തയ്യാറാക്കി അംഗീകരിക്കുന്നില്ല. ASOC മാർ സ്വന്തം യാത്രാപരിപാടി തയ്യാറാക്കി നൽകുമ്പോൾ ആയത് സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മീഷണർ(SOC) അംഗീകരിച്ച് നൽകുകയുമാണ് ചെയ്യുന്നത്. യാത്രാപരിപാടിയൽ മാറ്റം വരുമ്പോൾ പുതുക്കിയ യാത്രാപരിപാടി അംഗീകരിച്ച് നൽകുന്നില്ല.

2. ASOCമാർ ജില്ലകളിൽ ഔദ്യോഗികയാത്ര നടത്തുമ്പോൾ പ്രവർത്തന റിപ്പോർട്ടിൽ യാത്ര അതത് ജില്ലാസെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി സീൽ വയ്ക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ സാക്ഷ്യപ്പെടുത്താത്ത യാത്രകളും സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മീഷണർമാർ(SOC) അംഗീകരിച്ച് നൽകുകയും ഇതനുസരിച്ച് യാത്രാപ്പടി നൽകുകയും ചെയതിട്ടുണ്ട്. ഉദാ. ജൂൺ 2018, ജൂലൈ 2018 എന്നീ മാസങ്ങളിലെ പ്രവർത്തന

റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന യാത്രകൾ ബന്ധപ്പെട്ട ജില്ലാമേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല

| പേര് | തീയതി |
|---|---|
| ശ്രീ.ഡേവിഡ് ജോസഫ് | 15.06.208 (ആലുവ), 26.08.2018 (തൊടുപുഴ), 27.06.2018 (കട്ടപ്പന), 30.06.2018 (കട്ടപ്പന), 21.07.2018 (കട്ടപ്പന) |
| ശ്രീ.പി.പ്രശാന്ത് | 01.06.2018 (വടകര), 02.06.2018(തലശ്ശേരി), 11.06.2018 (പാലക്കാട്), 13.06.2018(തളിപ്പറമ്പ്), 14.06.2018(കാഞ്ഞങ്ങാട്), 15.06.2018(കാസർഗോഡ്), 18.06.2018(ചാവക്കാട്), 25.06.2018 (തലശ്ശേരി), 28.06.2018(കണ്ണൂർ), 29.06.2018(വടകര), 30.06.2018 (തളപ്പറമ്പ്), 23.07.2018(ആർ.റ്റി.സി), 24.07.2018 (വടകര), 28.07.2018(വടകര), 29.07.2018(വടകര) |
| ശ്രീ.സുധീഷ്.കുമാർ | 02.06.2018(തൊമ്മൻകുത്ത്), 03.06.2018(തൊമ്മൻകുത്ത്), 04.06.2018 (കോതമംഗലം), 12.06.2018(എറണാകുളം), 15.06.2018 (ആലുവ), 17.06.2018(ആലുവ), 25.06.2018 (ചേർത്തല), 27.06.2018(കോതമംഗലം), 29.06.2018(കുട്ടനാട്), 03.07.2018 (ആലപ്പുഴ), 05.07.2018(മാവേലിക്കര), 10.07.2018 (ആലപ്പുഴ), 16.07.2018(കോതമംഗലം), 21.07.2018(കോതമംഗലം) |

ജില്ലാസെക്രട്ടറിയും, ജില്ലയിലെ ഒഫീഷ്യൽസുമാണ് ASOC-മാരുടെ ജില്ലയിലെ യാത്ര സാക്ഷ്യപ്പെടുത്തുന്നതെന്നാണ് മറപടി നൽകിയിരിക്കുന്നത്. ജില്ലാമേധാവികൾ പ്രവർത്തനറിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്താത്ത യാത്രകൾ അംഗീകരിക്കാവുന്നതല്ല. ഇത്തരത്തിൽ ASOC-മാരുടെ മറ്റ് മാസങ്ങളിലെ പ്രവർത്തനറിപ്പോർട്ടും പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാമേധാവികൾ അംഗീകരിക്കാത്ത യാത്രകൾ അർഹമായ ലീവ് ആയി ക്രമീകരിക്കേണ്ടതാണ്.

3. ശ്രീ.ഡേവിഡ് ജോസഫ്, ASOC-യുടെ വർക്ക് ഡയറി പരിശോധിച്ചതിൽ ടിയാൻ കട്ടപ്പന DHQ ബിൽഡിംഗ് കൺസ്ട്രക്ഷൻ മെയിന്റനൻസ് സൂപ്പർവിഷൻ നടത്തിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ജോലി ടിയാനെ ഏൽപ്പിച്ചതിന്റ ഉത്തരവ് ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും

മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കാലയളവിൽ ടിയാന്റെ സോണിലെ പ്രവർത്തനങ്ങൾക്ക് ആരെയുംചുമതലപ്പെടുത്തിയിട്ടുമില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

4. ASOCമാരുടെ ലീവ് വിവരങ്ങൾ ഹാജർപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ ലീവ് അപേക്ഷ സൂക്ഷിച്ചിട്ടുമില്ല. മേലിൽ ലീവ് വിശദാംശം സൂക്ഷിക്കുന്നതാണെന്നാണ് അപാകതയ്ക്ക് മറുപടി നൽകിയിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

5. ASOCമാർ സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിൽ(SHQ) ഔദ്യോഗികമായി വന്നതായി പ്രവർത്തനറിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന തീയതികളിൽ ഹാജരിൽ ഒപ്പുവച്ചിട്ടില്ല.

| പേര് | തീയതി |
|---|---|
| ശ്രീ.നൂറുൽ അമീൻ | 28.05.2018 മുതൽ 30.05.2018 വരെ, 19.06.2018 മുതൽ 21.06.2018 വരെ, 12.07.2018, 13.07.2018, 13.08.2018 |
| ശ്രീ.പി.പ്രശാന്ത് | 17.05.2018 മുതൽ 19.05.2018 വരെ, 28.05.2018 മുതൽ 30.05.2018 വരെ, 05.06.2018 മുതൽ 07.06.2018 വരെ, 19.06.2018 മുതൽ 21.06.2018 വരെ, 12.07.2018, 13.07.2018, 11.09.2018, 12.09.2018, 22.12.2018 |
| ശ്രീ.സുധീഷ്.കുമാർ | 01.05.2018, 7.06.2018, 8.06.2018, 18.06.2018 മുതൽ 21.06.2018 വരെ, 11.07.2018 മുതൽ 13.07.2018 വരെ, 13.08.2018, 11.09.2018 മുതൽ 14.09.2018 വരെ |
| ശ്രീ.ഡേവിഡ് ജോസഫ് | 02.05.2018, 28.05.2018, 29.05.2018, 19.06.2018, 20.06.2018, 28.06.2018, 29.06.2018, 12.07.2018, 13.07.2018, 13.08.2018, 11.09.2018, 12.09.2018 |

ഹാജർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജോലിക്കു വന്നതു സംബന്ധിച്ച് കൃത്യത ഉറപ്പാക്കാൻ സാധ്യമല്ല. കൂടാതെ പ്രസ്തുത യാത്രകൾക്ക് യാത്രപ്പടിയും വാങ്ങിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് മേലിൽ ഹാജർപുസ്തകം പരിപാലിക്കുന്നതാണെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ഹാജർ രേഖപ്പെടുത്താത്ത മേൽപ്പരാമർശിച്ച ദിവസങ്ങൾ അർഹതപ്പെട്ട അവധിയായി കണക്കാക്കി ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-3 ലോഗ് ബുക്ക് പ്രിന്റിംഗ്- തുക അധികം നൽകി

2018-19 സാമ്പത്തിക വർഷം ലോഗ്ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ ശങ്കരേശ്വരി പ്രോസ്സസ് (3157750/- രൂപ) , രണ്ടാമത് കുറവ് രേഖപ്പെടുത്തിയ

ഗുരുവന്ദനം ഓഫ്സെറ്റ് പ്രസ് (3190100/- രൂപ) എന്നീ സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്തിയതിൽ കുറവ് തുക രേഖപ്പെടുത്തിയ ഗുരുവന്ദനം ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനവുമായി 3022500/- രൂപയ്ക്ക് ടെണ്ടർ ഉറപ്പിച്ച് കരാറിലേർപ്പെടുകയുണ്ടായി. ഇ-ടെണ്ടറിൽ സ്ഥാപനം ക്വാട്ട്ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th>ഇനം</th><th>ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക്</th><th>എണ്ണം</th><th>തുക</th><th>റിമാർക്സ്</th></tr>
<tr><td>HSS Scout& Guides</td><td>36.69/-</td><td>20000</td><td>733800</td><td rowspan="3">നെഗോസിയേഷനിൽ ആകെ തുക 3022500/- (5.25%) ആയി കുറച്ചിട്ടുണ്ട്. എന്നാൽ ഓരോ ബുക്കിന്റേയും നിരക്കിലെ കുറവ് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.</td></tr>
<tr><td>HS Scout& Guides</td><td>44.66/-</td><td>55000</td><td>2456300</td></tr>
<tr><td colspan="3">ആകെ</td><td>3090100</td></tr>
</table>

ടെണ്ടറിൽ 75000 (HS-55000, HSS-20000 ) ലോഗ്ബുക്കുകൾ പ്രിന്റ് ചെയ്യാനാണ് 3022500/- രൂപ സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ 73300 (HS-54000, HSS-19300 ) ലോഗ്ബുക്കുകൾ മാത്രം പ്രിന്റ് ചെയ്തതിന് മുഴുവൻ തുകയും നൽകിയിട്ടുണ്ട്(ചെക്ക് നം.696319/27.03.2019). ഇതിലേക്കായി സ്ഥാപനം ഹാജരാക്കിയ ബില്ലിൽ എല്ലാ ഇനം ലോഗ്ബുക്കുകളുടേയും വില 41.25/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1000 HSലോഗ്ബുക്കിന്റേയും, 700 HSSലോഗ്ബുക്കിന്റേയും വില അധികം നലകിയിട്ടുണ്ട്. തിരികെ ഈടാക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. <u>HS Scout& Guides ലോഗ്ബുക്ക്</u>

ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക് - 44.66/-

1000 ബുക്കിന്റെ വില –1000*44.6 = 44660/-

2. <u>HSS Scout& Guides ലോഗ്ബുക്ക്</u>

700 ബുക്ക് പ്രിന്റ് ചെയ്യാനുള്ള തുക –700*36.69 = 25683/-

1700 ബുക്കിന്റെ വില = 44660 + 25683 = 70343/-

നെഗോസിയേഷനിൽ ആകെ തുകയുടെ 5.25% കുറച്ചിട്ടുണ്ട്. ഇപ്രകാരം കണക്കാക്കുമ്പോൾ തിരികെ ഈടാക്കേണ്ടതായ തുക = 70343 –3693(5.25% of 70343) = 66650/-

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായി 75000 എണ്ണം പ്രിന്റ് ചെയ്യാനല്ല മറിച്ച് ഏകദേശം 75000 എണ്ണം പ്രിന്റ് ചെയ്യാനാണ് 30,22,500/- രൂപ ക്വാട്ട് ചെയ്തതെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. ഗുരുവന്ദനം ഓഫ്സെറ്റ് പ്രസിന് അധികം നൽകിയ 66,650/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-4 സ്ഥിരനിക്ഷേപം അപാകതകൾ

<u>(i) യഥാസമയം പുതുക്കാത്തതിനാൽ പലിശയിനത്തിൽ നഷ്ടം</u>

സ്ഥിരനിക്ഷേപത്തിനായി കേരള സംസ്ഥാന സഹകരണബാങ്കിലെ 5 അക്കൗണ്ടുകളും, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറിലെ ഒരു അക്കൗണ്ടുമാണുള്ളത്. കേരള സംസ്ഥാന സഹകരണബാങ്ക് ഹെഡ്ഓഫീസ് ബ്രാഞ്ചിലെ എല്ലാ സ്ഥിരനിക്ഷേപ അക്കൗണ്ടുകളും 21.12.2018 ന് പുതുക്കേണ്ടിയിരുന്നെങ്കിലും 26.03.2019 ന് മാത്രമാണ് പുതുക്കിയിട്ടുള്ളത്. യഥാസമയം പുതുക്കാത്തതിനാൽ പ്രസ്തുത കാലയളവിൽ(മൂന്ന് മാസം) സ്ഥിരനിക്ഷേപത്തിലെ പലിശ നഷ്ടപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥിരനിക്ഷേപ | FD രസീത് പ്രകാരം 20/12/2018 ലെ | പലിശ |
|---|---|---|

| അക്കൗണ്ട് നം. | മെച്ച്യൂരിറ്റിവാല്യൂ | |
|---|---|---|
| 1182363000427 | 1380281 | 7.25% |
| 1182363000436 | 746114 | 7.25% |
| 1182363000445 | 1313779 | 7.25% |
| 1182363000454 | 2924420 | 7.25% |
| 1182363000463 | 787360 | 7.25% |

മുൻകാലങ്ങളിൽ സ്ഥിരനക്ഷേപം എപ്പോൾ പുതുക്കിയാലും അതുവരെയുള്ള പലിശ ലഭിക്കാറുണ്ടായിരുന്നതിനാലാണ് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്താതിരുന്നതെന്നാണ് അപാകതസംബന്ധിച്ച് (ഓഡിറ്റ് എൻക്വയറി നം.1) വിശദീകരണം നൽകിയിട്ടുള്ളത്.

സ്ഥിരനിക്ഷേപം കൃത്യസമയത്ത് തന്നെ പുതുക്കാത്തത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ii) മെച്ച്യൂരിറ്റിവാല്യൂ മുഴുവൻ ലഭിക്കുന്നില്ല

കേരള സംസ്ഥാന സഹകരണബാങ്കിലെ അഞ്ച് സ്ഥിരനിക്ഷേപ അക്കൗണ്ടുകളും പുതുക്കുമ്പോൾ മെച്യൂരിറ്റിവാല്യുവിനെക്കാൾ കുറഞ്ഞ തുകയാണ് ഡെപ്പോസിറ്റ് ആയി കാണിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | FD രസീത് പ്രകാരം 20/12/2018 ലെ മെച്ച്യൂരിറ്റിവാല്യൂ | 26.03.2019 ൽ പുതുക്കിയപ്പോൾ ഡെപ്പോസിറ്റായി കാണിച്ചിരിക്കുന്ന തുക (ലഭിച്ച മെച്ച്യൂരിറ്റിവാല്യൂ) | മെച്യൂരിറ്റി വാല്യൂവിൽ കുറവ് |
|---|---|---|---|
| 1182363000427 | 1380281 | 1305542 | 74739 |
| 1182363000436 | 746114 | 705714 | 40400 |
| 1182363000445 | 1313779 | 1242640 | 71139 |
| 1182363000454 | 2924420 | 2768081 | 156339 |
| 1182363000463 | 787360 | 746162 | 41198 |

എഫ്.ഡി.പുതുക്കുമ്പോൾ ബാങ്കിൽ നിന്നും ഇൻകംടാക്സ് ഡിഡക്ട് ചെയ്തുകൊണ്ടാണ് മെച്യൂരിറ്റിവാല്യുവിനേക്കാൾ കുറഞ്ഞതുക ഡെപ്പോസിറ്റായി വന്നതെന്നും, ഇത് സംബബന്ധിച്ച പേപ്പർ ബാങ്കിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്നും വിദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

### 3-5 അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

04.10.2011ലെ ജി.ഒ(പി)നം.419/11/ഫിൻ നമ്പർ ഉത്തരവിൽ മുൻകൂർ കൈപ്പറ്റുമ്പോൾ അഡ്ജസ്റ്റ്മെന്റ് ബിൽ 3 മാസത്തിനകം സമർപ്പിച്ചിട്ടില്ലായെങ്കിൽ 18% പലിശയുൾപ്പെടെ മുഴുവൻ തുകയും തിരിച്ച് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാത്തതിന് തുടർനടപടി സ്വീകരിച്ചിട്ടില്ല.

| ഉദ്യോഗസ്ഥന്റെ പേര് | മുൻകൂർ തുക | തീയതി |
|---|---|---|
| നാഷണൽ ജംബോരിയുമായി ബന്ധപ്പെട്ട് 14 പേർക്ക് നൽകിയത് | 624000/- | 17/12/16 |
| ടോക്കൺ ഫ്ലാഗ് ഡിസ്ട്രിബ്യൂഷൻ (ശ്രീ.എസ്.എസ്.സുനിൽ) | 30000/- | 01/12/18 |

2019-20 വർഷം ക്രമീകരിച്ചുവെന്നും ഇതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ലായെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.2) മറുപടി നൽകിയിട്ടുള്ളത്. ക്രമ നം. 1 പ്രകാരം നൽകിയ അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ലായെന്നും, ക്രമ നം. 2-ലേത് നാഷണൽ ജംബോരിയുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് തുക സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുംപ്രകാരം പലിശസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ടോക്കൺഫ്ലാഗ് ഇനത്തിൽ മുൻകൂർ ക്രമീകരിക്കാൻ കാലതാമസം നേരിട്ടിട്ടും തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സർക്കാർ ഗ്രാന്റ്

ഗ്രാന്റ് വിവരങ്ങൾ

നോൺ-പ്ലാൻ

| ഉത്തരവ് നം.<br>തീയതി | ലഭിച്ച<br>തുക |
|---|---|
| പദ്ധതിയേതരം | |
| ജി.ഒ(ആർ.ടി) 5330/2018/Gedn | 2882250/- |

| dated 19.12.2018 | |
|---|---|

<u>പ്ലാൻ</u>

| ഉത്തരവ് നം.<br>തീയതി | ലഭിച്ച<br>തുക |
|---|---|
| പൊതു വിദ്യഭ്യാസ ഡയറക്ടറുടെ 31.01.2019-ലെ.എം(3)/35250/2018/ഡി.പി.ഐനമ്പർ നടപടിക്രമങ്ങൾ | 4912929 |
| ജി.ഒ(ആർ.ടി) 4825/2018/Gedn dated 19.11.2018<br>(2017-18 ലെ rsumed fund തിരികെ ലഭിച്ചത്) | 5087071 |
| ആകെ | 10000000 |

## 4-2 സാമ്പത്തികനില

മുന്നിരിപ്പ് - 17488852/-

വരവ് - 33845100.63/-

ആകെ - 51333952.63/-

ചെലവ് - 33626514.50/-

നീക്കിയിരിപ്പ്-17707438.18/-

<u>നീക്കിയിരിപ്പിന്റെ വിശദാംശം (*2)</u>

ക്യാഷ് ഇൻ ഹാൻഡ് - 524/-

എസ്.ബി.ഐ(റഗുലർ) , A/C no. 37775679382 – 9125290/- (*1)

എസ്.ബി. ഐ (സ്റ്റാഫ് ലോൺ) , A/C no. 57044156364 – 241738.55/- (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ്- 241739/-)

എസ്.ബി.ഐ(ഇ-ടെണ്ടർ) A/C no.- 38003297225 -29725/- (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ്- 29724.55/-)

ടി.എസ്.ബി (701011400000355) – 1057226/-

കാനറാബാങ്ക് (754) പെൻഷൻ -147951.63/- (സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ്- 147954.63 വ്യത്യാസം ക്രമപ്പെടുത്തിയിട്ടില്ല)

സ്ഥിരനിക്ഷേപങ്ങൾ - 7104983/-

ആകെ രൂപ – 17707438.18/-

(*1) - ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്- 9395077/- രൂപയായാണ്. ബാങ്ക്ബുക്ക് ബാലൻസും, ബാങ്ക്സ്റ്റേറ്റ്മെന്റ് ബാലൻസും തമ്മിൽ പൊരുത്തപ്പെടുത്തിയിരിക്കുന്നതിൽ അപാകതയുണ്ട്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 'Deposit in Day Book But not entered in Bank' എന്ന ഭാഗത്ത് 17/01/2019-ൽ ഡി.ഡി. നം.13355 പ്രകാരം 12933/- രൂപ ഡേബുക്ക് പ്രകാരം നൽകിയതായി കണിച്ചിരിക്കുന്നു. എന്നാൽ ഡി.ഡി. രജിസ്റ്റർ, ബാങ്ക്ബുക്ക് എന്നിവ പ്രകാരം ഡി.ഡി. നം.13355 പ്രകാരം 12999- രൂപയാണ് നൽകിയിട്ടുള്ളത്.

'Deposit inBank but not entered in day book' എന്ന ഭാഗത്ത് 01.12.2018 ന് 29919/- രൂപ ബാങ്കിൽ നേരിട്ട് വന്നത് ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയില്ലായെന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുതതുക 01.12.2018 ന് ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപാകത പരിഹരിച്ച് പുതുക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്.

(*2)-നീക്കിയിരിപ്പിന്റെ വിശദാംശത്തിൽ 15.02.2019ൽ സ.ഉ.(പി) 62/2018/ഫിൻ 16.042018 നിർദ്ദേശപ്രകാരം ആരംഭിച്ച പ്ലാൻ ടി.എസ്.ബി.(799012700001745) അക്കൗണ്ട് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. 31.03.2019-ൽ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് -0 ആണ്.

## 4-3 ഓഡിറ്റ് ചാർജ്

| ഓഡിറ്റ് ചാർജ്ജ് | |
|---|---|
| ആകെ വരവ് | 33845100.63 |
| കുറയ്ക്കുക (-) | |
| സർക്കാർ ഗ്രാന്റ്<br>(പ്ലാൻ & നോൺപ്ലാൻ) | 12882250 |
| അഡ്വാൻസ് റീഫണ്ട് | 500897 |
| ഫ്ലഡ് റിലീഫ് ഫണ്ട് | 3949868 |
| ലോൺ റിക്കവറി | 110665 |
| | |

| | |
|---|---|
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | 16401420.63/- |
| ഓഡിറ്റ് ചാർജ് 1% നിരക്കിൽ | 164014/- |
| 2017-18 വർഷത്തെ ഓഡിറ്റ് ചാർജ് അടവാക്കാനുള്ളത് | 135902 |
| +) 2018-19 വർഷത്തെ ഓഡിറ്റ് ചാർജ് അടവാക്കാനുള്ളത് | 164014 |
| ആകെ | 299916 |

പ്രസ്തുത ഓഡിറ്റ് ചാർജ് 0070-60-110-90 നം. ശീർഷകത്തിൽ ഒടുക്കി ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## 2018-19 വർഷത്തെ വരവ് ചെലവ് പത്രിക (സ്ഥാപനത്തിന്റെ AFS പ്രകാരമുള്ളത്)

| | Receipts | | Amount | | Payments | | Amount |
|---|---|---|---|---|---|---|---|
| To | Opening Balances | | | By | Pay & Allowances | | 6071810 |
| | Cash | 2956 | | " | Pension | | 2637791 |
| | Regular | 4217051 | | " | Travel Exp. | | 173938 |
| | Spl TSB | 6284515 | | " | Office expenses | | 286417 |
| | Staff loan | 209728 | | " | pring & Stationary | | 200002 |
| | Pension ac (Can Bank 754) | 193 | | " | Staff loan paid | | 72000 |
| | FD | 6774409 | 17488852 | " | Miscellaneous Expenses | | 186479 |
| | | | | " | Training Programme exp | | 1013220 |
| | Token flag | | 8485580 | " | Performance Grant to District | | 2935000 |
| | Foundation day flag | | 89945 | | Programme Expenses | | 7695198 |
| | Nonplan Grant | | 2882250 | | Magazine printing | | 304200 |
| " | Plan Grant | | 10000000 | " | Office Assistant allowance to Dist | | 164000 |
| " | Miscellaneous Fees | | 3260146 | " | Advances | | 2045248 |
| | Flood Relief Fund | | 3949868 | | Flood Relief fund to CMDRF | | 3949868 |
| | | | | | Audit fee | | 633890 |
| | | | | | Refund of plan fund to Govt | | 1614367 |
| | | | | | Resumpted by Govt. from PSTSB | | 3636541 |
| | | | | | Bank charges | | 6545.45 |
| " | Miscellaneous Receipt | | 3932112 | " | | | |
| " | Auction scrap | | 28560 | " | Closing Balance | | 17707438.18 |
| " | Refund of Advances | | 500897 | " | Cash | 524 | |
| " | Magazine subscription | | 88565 | " | SBI-Regular a/c | 9125290 | |
| " | Staff loan revovered | | 110665 | " | Spl.TSB a/c | 1057226 | |
| " | Bank interest | | 368754 | " | SBI-Staff loan a/c | 241738.55 | |
| " | Repatriation- Can | | 147758.63 | " | Pension a/c | 147951.63 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | Bank | | | | | | |
| “ | | | | “ | SBI- E-Tender a/c | 29725 | |
| “ | | | | “ | FD | 7104983 | |
| | Total | | 51333952.63 | | Total | | 51333952.63 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

:

### CERTIFICATE OF ELIGIBILITY FOR GRANT FOR 2018-19

Name of Institution : Kerala State Bharat Scounts and Guides, Thiruvananathapuram

Govt. Order fixing the Grant-in aid : GO(Ms) No.3412/97/G.Edn.

Dated: 01.10.1997

Expenditure Qualifying Grant : 33626514.50/-

Total receipt excluding debit head, : 16401420.63/-

Grant-in aid

Deficit in revenue for 2018-19 : 17225093.9/-

Grant-in aid due to the institution for 2018-19 : 17225094/-

I have examined the accounts of the Kerala State Bharat Scounts and Guides, Thiruvananathapuram for the year 2018-19 and I have obtained all informations and explanations that are required. Subject to the observations in my report, I certify as a result of my audit and explanations given to me and as shown by the books of accounts of the institution that in my opinion the institution is eligible for grant-in aid as shown above.

JOINT DIRECTOR
KERALA STATE AUDIT DEPARTMENT

PR 09.02.2021